ജില്ലാ അദാലത്ത് സമിതി യോഗം-

29/ 02/2024 ൽ ഓൺലൈൻ ആയി നടന്ന മീറ്റിംഗിൽ പരിഗണിച്ച പരാതികളും ആയതിന്മേൽ തദ്ദേശസ്ഥാപനങ്ങൾക്ക് നൽകുന്ന ഉപദേശവും ചുവടെ ചേർക്കുന്നു.

പരാതി നം

| | | |
|---|---|---|
| പരാതിക്കാരൻറെ പേര് | - | ശ്രീമതി. ഓമന,<br>ഗ്രീൻ വ്യൂ ഹൌസ്, വള്ളക്കടവ്. |
| പരാതി വിഷയം | - | വീട് നിർമ്മാണത്തിന് LIFE/PMAYപദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം നൽകണമെന്നുള്ള അപേക്ഷ-സംബന്ധിച്ച്. |
| സൂചന | - | സിറ്റിസൺ അസിസ്റ്റൻസ് തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി കൺവീനറുടെ ലോഗിനിൽ ലഭിച്ച CRTVPMC0167000023 ഡോക്കറ്റ് നമ്പർ പരാതി. |

സൂചന പരാതിയിന്മേൽ തിരുവനന്തപുരം ജില്ലാതല അദാലത്ത് സമിതി തിരുവനന്തപുരം നഗരസഭ സെക്രട്ടറിയ്ക്ക് നൽകുന്ന ഉപദേശം.

ഇടിഞ്ഞു വീഴാറായ വീട്ടിൽ താമസിക്കുന്ന അപേക്ഷകയ്ക്ക് പുതിയ വീട് വേണമെന്നുള്ള ആവശ്യം അദാലത്ത് സമിതി പരിശോധിക്കുകയുണ്ടായി. ഇവർ ഇപ്പോൾ LIFE ഭവന പദ്ധതിയുടെ landless & homeless ലിസ്റ്റിലാണ് ഉൾപ്പെട്ടിട്ടുള്ളള. എന്നാൽ 2 സെൻറ് വസ്തു സ്വന്തമായി ഉള്ളതായി അപേക്ഷക അറിയിച്ചിട്ടുണ്ട്. വസ്തുവിൻറെ ഉടമസ്ഥാവകാശവും കൈവശാവകാശവും സംബന്ധിച്ച രേഖകൾ തിരുവനന്തപുരം നഗരസഭയുടെ Poverty Alleviation Unit, Project Officer മുമ്പാകെ ഹാജരാകുവാൻ അപേക്ഷകയോട് ആവശ്യപ്പെട്ടും അത്തരത്തിൽ അപേക്ഷകയ്ക്ക് സ്വന്തമായി ഭൂമിയുണ്ടെന്ന് ബോധ്യപ്പെടുന്ന പക്ഷം PMAY- LIFE ൻറെ DPR-ൽ ഉൾപ്പെടുത്തി ശ്രീമതി. ഓമനയ്ക്ക് ഭവന നിർമ്മാണ ആനുകൂല്യം നൽകേണ്ടതാണെന്ന് തിരുവനന്തപുരം നഗരസഭ സെക്രട്ടറിയേയും PAU Project ഓഫീസറേയും ഉപദേശിച്ചും തീരുമാനിച്ചു.